JAGRATHA 084

Vol-3, N0:10
18-02 - 2009

*Kerala Catholic Bishops' Council's*

**Commission for Social Harmony and Vigilance**

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## നിയമപരിഷ്കരണ കമ്മീഷന്റെ കണ്ടുപിടുത്തങ്ങളും കടുംപിടുത്തങ്ങളും

നിയമങ്ങൾ ജനതയുടെ സ്വസ്ഥവും സുസ്ഥിരവും ശാന്തവും സ്വാതന്ത്ര്യം നിറഞ്ഞതമായ ജീവിതത്തിനുവേണ്ടിയാവണം.ഭരണാധികാരികളുടെ ആശയങ്ങളും അഭിപ്രായങ്ങളും ജനസമൂഹത്തിനുമേൽ അടിച്ചേൽപിക്കുന്ന തരത്തിലാവുമ്പോൾ നിയമങ്ങൾ ഗ്യാസ് ചേംബറിലെന്നപോലെ ജനങ്ങളെ ഞെരുക്കുന്നു. ഇത്തരം നിർബന്ധിത നിയമനിർമാണം ജനാധപ്ത്യത്തിന് ഭൂഷണവുമല്ല. ഒരു സമൂഹത്തിനുവേണ്ടി നിയമം രൂപീകരിക്കുമ്പോൾ ആ നിയമം ബാധകമാവുന്ന ജനസമൂഹത്തിൽ അഭിപ്രായരൂപീകരണം ഉണ്ടാക്കേണ്ടതും പ്രാഥമിക കർത്തവ്യമല്ലേ. ഇത്തരം ശ്രമങ്ങൾ കൂടിച്ചേരുന്നതിനെയല്ലേ ജനാധിപത്യം എന്നു വിളിക്കുന്നത്.

### സമുദായങ്ങൾ സ്ഥാപനങ്ങളല്ല

ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരുടെ നേതൃത്വത്തിൽ നിയമപരിഷ്കരണ കമ്മീഷൻ നൽകിയ ശിപാർശകൾ എല്ലാ വിഭാഗം ജനങ്ങളെയും ക്ഷുഭിതരാക്കി. അതിനു കാരണം അത്തരം നിയമങ്ങൾ നടപ്പിലാക്കിയാൽ അത് സമുദായശൈഥില്യത്തിന് കാരണമാവും എന്ന തിരിച്ചറിവാണ്. സമുദായം ഒരിക്കലും ഒരു സ്ഥാപനമല്ല. നൂറ്റാണ്ടുകളിലൂടെ ആർജിച്ച വിശ്വാസവും സംസ്കാരവും വിവിധ കാലഘട്ടങ്ങളിൽ സമുദായത്തിൽ നേതൃത്വം വഹിച്ചവർ സമുദായ നന്മയ്ക്കുവേണ്ടി രൂപപ്പെടുത്തിയ നിയമസംഹിതകളും ചേർന്നാണ് സമുദായം നിലനിൽക്കുന്നത്. എല്ലാ സമുദായങ്ങളും ഇങ്ങനെ തന്നെയാണ്. അതിൽ വിശ്വാസവും ആചാരക്രമങ്ങളും പൂജാക്രമങ്ങളും എല്ലാം പെട്ടെന്ന് ആർക്കും ഇളക്കിപ്രതിഷ്ഠിക്കാൻ സാധിക്കില്ല. അതിനാലാണ് വി.ആർ കൃഷ്ണയ്യരുടെ ശിപാർശൾക്കെതിരെ എല്ലാ സമുദായങ്ങളിൽ നിന്നും എതിർപ്പുയർന്നത്.

### കാനോൻ നിയമം ദൈവശാസ്ത്രദർശനാധിഷ്ഠിതം

ക്രൈസ്തവ സമുദായം അനുസരിക്കുന്നത് കാനോൻ നിയമമാണ്. കാനോൻ നിയമങ്ങൾക്കു പിന്നിൽ വ്യക്തമായ ദൈവശാസ്ത്ര ദർശനങ്ങളുണ്ട്. ഇപ്പോൾ നിലവിലുള്ള കാനോൻ നിയമം രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രിയിലെ ദൈവശാസ്ത്ര സങ്കല്പങ്ങൾക്ക് നൈയാമികരൂപം നൽകിയിരിക്കുകയാണ്. . യേശു ശിരസും വിശ്വാസികൾ ശരീരത്തിലെ ഭാഗങ്ങളുമാകുന്ന രഹസ്യാത്മകമായ ഒരു ഐക്യമാണിത്. മാർപാപ്പയുടെ കീഴിൽ മെത്രാന്മാരും വൈദികരും സന്യസ്തരും അൽമായരുമെല്ലാം ചേരുന്നതാണ് ആഗോളസഭ. അതായത് ദൈവികമായ ഇടപെടലുകൾ നിറഞ്ഞതാണ് കാനോൻ നിയമത്തിന്റെ സൃഷ്ടി. ദൈവിക ചൈതന്യം നിറഞ്ഞതാണ് ക്രൈസ്തവ സഭ. അതിനാൽ തന്നെ സഭയുടെ സ്വരൂപത്തെ മാനുഷിക നിയമങ്ങൾകൊണ്ട് തകർക്കാമെന്നതു തന്നെ വ്യർഥമാണ്. മാത്രവുമല്ല ലോകമങ്ങും കാനോൻ നിയമത്തിന് അംഗീകാരമുണ്ട്. ചൈനപോലും കാനോൻ നിയമത്തെ മാനിച്ചുകൊണ്ടാണ് ഭരണം നടത്തുന്നത്.

## വിവാഹം നടത്തിയാൽ പുരോഹിതന് ജയിൽ ശിക്ഷ

ഇവിടത്തെ ക്രൈസ്തവരുടെ വ്യക്തിനിയമം കാനൻ ലോ ആണെന്നും കോടതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ആ നിലയ്ക്ക് പുതിയൊരു നിയമത്തിന്റെ ആവശ്യമില്ല. മാത്രമല്ല പുതിയ ബില്ല് പ്രകാരം വിവാഹ രജിസ്ട്രാർക്ക് നിരവധി അധികാരങ്ങൾ കൊടുത്തിരിക്കുന്നു. ഇത് പിന്നീട് പള്ളിക്കാരും മാര്യേജ് രജിസ്ട്രാറും തമ്മിൽ പ്രശ്നങ്ങളുണ്ടാക്കാൻ സാധ്യതയുണ്ട്. മാത്രമല്ല, വിവാഹ ആശീർവാദ കർമങ്ങളിൽ ഉത്തരവാദിത്വപ്പെട്ട വ്യക്തികൾ വിവാഹ ആശീർവാദം നടത്തിക്കൊടുക്കുന്നതിൽ അകാരണമായി വീഴ്ചവരുത്തിയാൽ ശിക്ഷാനിയമ നടപടികളും ഏർപ്പെടുത്തിയിട്ടുണ്ട്. ജയിൽവാസം പോലുള്ള ശിക്ഷകളാണ് നിർദേശിക്കപ്പെട്ടിരിക്കുന്നത്. ഈ ബില്ല് ഇപ്പോൾ നിർദേശിച്ചിരിക്കുന്ന രീതിയിൽ നിയമമായാ ൽ പുരോഹിതനും ജയിൽശിക്ഷ അനുഭവിക്കേണ്ടിവരും.

## സഭയുടെ സ്വത്തിനെക്കുറിച്ച് എന്തിനാണ് ഉത്കണ്ഠ

ക്രൈസ്തവ സഭയുടെ സ്വത്ത് വിശ്വാസികളുടേതാണ്. സഭ രൂപം കൊണ്ട കാലത്ത് പിടിയരിയായും ഭൂമിയായും കൊച്ചു കൊച്ചു നാണയങ്ങളായും വിശ്വാസികൾ നൽകിയതാണ് സഭയുടെ സ്വത്ത്. അത് വിനിമയം ചെയ്യപ്പെടുന്നതും സഭയ്ക്കും വിശ്വാസികൾക്കും വേണ്ടിയാണ്. കേരളത്തിൽ ക്രൈസ്തവ സഭ നടത്തി പരിപാലിച്ചുകൊണ്ടിരിക്കുന്നത് 305 അനാഥാലയങ്ങളാണ്. ഭവനിർമാണം ചികിത്സാസഹായങ്ങളും ഉൾപ്പെടെയുള്ള സേവനപ്രവർത്തനങ്ങളും നിരവധിയായ വിധത്തിൽ സഭ ചെയ്യുന്നുണ്ട്. മാത്രവുമല്ല ഓരോ ഇടവകകളിലും സ്വത്ത് നിഷ്പക്ഷവും നീതിപൂർവകുമായി ഉപയോഗിക്കുന്നതിന് സുതാര്യവും കാര്യക്ഷമവുമായ മാർഗങ്ങളുമുണ്ട്. പള്ളിയിൽ വിശ്വാസികൾ നൽകുന്ന പിരിവിനെക്കുറിച്ച് പിറ്റേ ആഴ്ച തന്നെ വിശ്വാസികളെ അറിയിക്കുന്നു. ഇടക കമ്മിറ്റികൾ പലവട്ടം കണക്കുകൾ ഓഡിറ്റു ചെയ്യുന്നു. കണക്കുകൾ അവതരിപ്പിക്കുന്നു. ഇത്തരം പല ഘട്ടത്തിലൂടെ കടന്നുപോകുന്നവയാണ് എല്ലാ ഇടവകകളുടെയും പണം. വിശ്വാസത്തെ പണയം വെയ്ക്കുന്നവർക്കുമാത്രമേ ഇതിൽ അഴിമതി കാണാനാവൂ.

## സഭയുടെ സ്വത്ത് വിനിമയത്തെക്കുറിച്ച് കാനോൻ നിയമം പറയുന്നത്

കാനോൻ നിയമം 1254 മുതൽ 1310 വരെയുള്ള കാനോനുകളാണ് സഭാസംബന്ധിയായ വസ്തുവകകൾ കൈകാര്യംചെയ്യുന്നതു സംബന്ധിച്ചു പറയുന്നത്. കത്തോലിക്കാസഭയ്ക്ക് അതിന്റെ ലക്ഷ്യപ്രാപ്തിക്കായി സെക്കുലർ അധികാരികൾക്കപ്പുറം സ്വയമേവ വസ്തുവകകൾ വാങ്ങാനും സംരക്ഷിക്കാനും കൈകാര്യംചെയ്യാനും വിൽക്കാനും അവകാശമുണ്ടായിരിക്കും എന്നു പറഞ്ഞുകൊണ്ടാണ് ഈ ഭാഗം ആരംഭിക്കുന്നത്. സാർവത്രിക സഭയ്ക്കും പ്രാദേശിക സഭകൾക്കും നിയമാടിസ്ഥാനത്തിലുള്ള മറ്റു സമിതികൾക്കും കാനോൻ നിയമത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി വസ്തുവകകൾ വാങ്ങുകയും വിൽക്കുകയും കൈകാര്യം ചെയ്യുകയുമാവാം. സാർവത്രിക സഭയ്ക്കും പ്രാദേശിക സഭകൾക്കും വസ്തുവകകൾ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ചു പ്രത്യേകം പ്രത്യേകം വകുപ്പുകൾ കാനോൻ നിയമത്തിലുണ്ട്. എന്നാൽ, ക്രയവിക്രയ കരാർ ഇടപാടുകൾ രാജ്യത്തു നിലവിലുള്ള സിവിൽ നിയമങ്ങൾക്കു വിധേയമായിരിക്കും.കാനോൻ നിയമം ഇന്ത്യയിലെ കത്തോലിക്കരുടെ വ്യക്തിനിയമമാണെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യം കേരള ഹൈക്കോടതിയും അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. കാനോൻ നിയമം ക്രൈസ്തവരുടെ വ്യക്തിനിയമമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഈ രാജ്യത്ത് അതിനു വിരുദ്ധമായി മറ്റൊരു നിയമസംവിധാനം നിർദേശിക്കുന്നത് നിയമവ്യവസ്ഥിതിക്കു നിരക്കുന്നതല്ല. നിർദിഷ്ട ബില്ലിൽ വസ്തുവകകൾ മാത്രമല്ല 'സ്ഥാപനങ്ങൾ' എന്നും പറഞ്ഞിട്ടുണ്ട്. സഭ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണഘടനയിലെ 29, 30 അനുച്ഛേദങ്ങൾ പ്രകാരം ന്യൂനപക്ഷാവകാശമെന്ന നിലയ്ക്ക് ഭരണഘടനാ പ്രകാരം തന്നെ ഭരണാധികാരം സഭയ്ക്കുള്ളതാണ്. ഇത്തരം സ്ഥാപനങ്ങളുടെ നിയന്ത്രണം ട്രസ്റ്റുപോലുള്ള സമിതികളിലേക്കു മാറ്റണമെന്ന നിർദേശം ഭരണഘടനാവിരുദ്ധമാകും.

ക്രൈസ്തവരുടെ സഭാവസ്തുക്കളും സ്ഥാപനങ്ങളും ട്രസ്റ്റിന്റെയും സമിതികളുടെയും നിയന്ത്രണത്താക്കണമെന്നുള്ള നിർദേശം ഒന്നുകിൽ ക്രൈസ്തവരുടെ ഇടയിലെ സാമൂഹികാവസ്ഥ അറിയാതെയാണ്. അല്ലെങ്കിൽ അറിഞ്ഞുകൊണ്ടുതന്നെ പ്രശ്നങ്ങളിലേക്കു വലിച്ചിഴയ്ക്കാനുമാകാം.

## ദയാവധം- ദയാരഹിതമായ ചില നിയമങ്ങൾ

കൃഷ്ണയ്യർ അധ്യക്ഷനായ നിയമ പരിഷ്കരണ കമ്മിറ്റി കൊണ്ടു വന്ന ശിപാർശകളിൽ ഒട്ടും ദയയില്ലാത്തത് ദയാവധത്തെക്കുറിച്ചുള്ളതാണ്. ഒട്ടും മാനുഷികമല്ലാത്ത ശിപാർശയായിരുന്നു ദയാവധം അനുവദിച്ചുകൊണ്ടുള്ളത്. കാരുണ്യവും സഹജീവി സ്നേഹവുമാണ് മനുഷ്യൻ എന്ന ജീവിയെ മറ്റു ജന്തുജാലങ്ങളിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. ഉപയോഗ്യശൂന്യമായാൽ ഉപേക്ഷിക്കുക, അല്ലെങ്കിൽ നശിപ്പിക്കുക എന്ന തത്വം അംഗീകരിക്കുകയാണ് ദയാവധ ശിപാർശകളിലൂടെ കൃഷ്ണയ്യർ നടത്തിയിരിക്കുന്നത്. നിയമ പരിഷ്കരണ കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ രണ്ടെണ്ണമായിരുന്നു.

1. ആത്മഹത്യ മേലിൽ കുറ്റകരമായി കണക്കാക്കില്ല.
2. ദയാവധം അനുവദനീയമാകും.

ഇന്ത്യൻ ശിക്ഷാ നിയമത്തിൽ 309 -ാം വകുപ്പ് എടുത്തുകളയാനും 300-ാം വകുപ്പിന്റെ പരിധിയിൽ നിന്ന് ആത്മഹത്യയും ദയാവധവും ഒഴിവാക്കാനുമുള്ള ഭേദഗതി നിർദേശമാണിതിലുള്ളത്. ദയാവധത്തിനായി ഒരു പുതിയ ബില്ലും മുന്നോട്ടു വച്ചിട്ടുള്ളതായറിയുന്നു.

ദയാവധം ഏതു തരത്തിൽ ഉള്ളതായാലും ഇതിനെ ആത്മഹത്യ എന്നോ കൊലപതാകം എന്നോ വിളിക്കാവൂ. ദൈവം ദാനമായി തന്ന ജീവിതം നശിപ്പിക്കുന്ന കൊടും പാപമാണിത്. ദയാവധം രണ്ടു വിധത്തിലുണ്ട്.

a. Direct Voluntary വധിക്കപ്പെടുന്ന രോഗിയുടെ ആഗ്രഹപ്രകാരമോ നിർദ്ദേശപ്രകാരമോ ഉള്ള ദയാവധം ഇത് സ്വമനസാ ചെയ്യുന്ന ദയാവധമാണ്. (ഇത് ആത്മഹത്യ തന്നെ)

b. Direct Non Voluntary രോഗിക്ക് സ്വന്തമായോ പൂർണമായോ സമ്മതം കൊടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ നടത്തുന്ന ദയാവധമാണിത്. രോഗി അബോധാവസ്ഥയിലോ പ്രതികരിക്കാനാവാത്ത അവസ്ഥയിലോ ആകാം. ഇവിടെ കുടുംബാംഗങ്ങൾ തീരുമാനമെടുക്കുന്നു. അതിൽ രോഗിയുടെ ആഗ്രഹം മറിച്ചാകാം. ഇത് നേരിട്ടുള്ള കൊലപാതകം തന്നെയാണ്.

രോഗിക്ക് നൽകിവരുന്ന ചികിത്സാവിധികൾ അവസാനിപ്പിച്ച് ജീവനെ അവസാനിപ്പക്കുന്നതാണ് പരോക്ഷ ദയാവധം. ജീവൻ നിലനിറുത്തുന്ന ഉപകരണങ്ങൾ മാറ്റുന്നു. ജീവൻ നിലനിറുത്തുന്ന മരുന്നുകൾ കൊടുക്കാതിരിക്കുക. ചികിത്സ തന്നെ നിറുത്തിവയ്ക്കുക. ജീവൻ നിലനിറുത്തുന്ന ഭക്ഷണവും വെള്ളവും കൊടുക്കാതിരിക്കുക. ശ്വാസോച്ഛ്വാസത്തിനുള്ള ഉപകരണം മാറ്റുക.

അമേരിക്കയിൽ 2005-ൽ ദയാവധത്തിലൂടെ കൊലചെയ്യപ്പെട്ട ടെറി ഷിയാവോയുടെ വാർത്ത കുപ്രസിദ്ധി നേടിയിരുന്നു. അവരുടെ ജീവൻ നിലനിറുത്തിയിരുന്ന ഭക്ഷണം നൽകുന്ന ട്യൂബ് മാറ്റിക്കളയാൻ രാജ്യത്തെ നിയമം അനുവദിച്ചു. ടെറിയുടെ മാതാപിതാക്കളും ജോൺപോൾ രണ്ടാമൻ മാർപാപ്പയും ലോകം മുഴുവനും അതിനെതിരെ നിന്നപ്പോൾ നിയമത്തിന്റെ ബലത്തിൽ ടെറിയെ ഭർത്താവിന്റെ താൽപര്യപ്രകാരം കൊന്നു. പരോക്ഷമായ ദയാവധവും Voluntary ആയി രോഗിയുടെ അറിവോടെയും Non Voluntary ആയി അറിവില്ലാതെയും നടത്തിവരുന്നു. അമേരിക്കയിലെ ഒറിഗോൺ സ്റ്റേറ്റിലും ബൽജിയത്തിലും ഹോളണ്ടിലും ആസ്ട്രേലിയയുടെ വടക്കൻ പ്രദേശങ്ങളിലും കൊളംബിയയിലും, കാനഡയിലും മാത്രം നിലവിലുള്ള ഈ കിരാതമായ നിയമമാണ് ദൈവത്തിന്റെ സ്വന്തം നാടെന്നു പറയുന്ന ഈ കൊച്ചു കേരളത്തിൽ നടപ്പാക്കണമെന്നാവശ്യപ്പെടുന്നത്. ആദ്യമായി ദയാവധത്തിനു നിയമസാധുത നൽകി അംഗീകരിച്ചത് ഹോളണ്ടാണ്. വളരെ അസാധാരണ സാഹചര്യം ഉണ്ടായാൽ മാത്രം ഉപയോഗിക്കാൻ അനുവദിച്ചിരുന്ന ഈ നിയമം ഇന്ന് സർവസാധാരണമായി മാറി. ഹോളണ്ടിൽ ഓരോ വർഷവും മരിക്കുന്ന 1,30,000 വ്യക്തികളിൽ 20,000 വ്യക്തികൾ പ്രത്യക്ഷമായോ പരോക്ഷമായോ ഡോക്ടർമാർ വഴി കൊലചെയ്യപ്പെടുന്നവരാണ്. അതായത് രാജ്യത്തെ 6 മരണത്തിൽ ഒന്ന് ദയാവധത്തിലൂടെയാണ്.

ഇന്ന് വൃദ്ധരായ മാതാപിതാക്കളെ നോക്കാൻ മടിക്കുന്ന, വൃദ്ധസദനങ്ങൾ വർധിച്ചുവരുന്ന കേരളത്തിലും ഡോക്ടർമാരുടെ പിന്തുണയോടെയും അറിവോടെയും ദയാവധത്തിന് സാധുത നേടിയെടുക്കാൻ ബുദ്ധിമുട്ടില്ല. അതിനാൽ തന്നെ ശിപാർശ നടപ്പിലായാൽ വൃദ്ധജനങ്ങൾ മറ്റൊരു മാനസിഘാതത്തിനുകൂടി വിധേയരാവും. രോഗമോ, വേദനയോ, അസ്വസ്ഥതകളോ പുറത്തുപറയാതെ സഹിക്കാൻ തയാറാവുന്ന മാനസികാവസ്ഥയിലേക്ക് വൃദ്ധജനങ്ങൾ എത്തിച്ചേർന്നേക്കാം. കാരണം. ചിലപ്പോഴെങ്കിലും ആശുപത്രി കശാപ്പുശാലയായി മാറാം. നിയമത്തെ ദുരുപയോഗപ്പെടുത്താനുള്ള സാധ്യത വളരെയേറെയാണ്. അതിനാൽ തന്നെ ദയാവധത്തെ കഠിനമായി എതിർക്കണം. ദയാവധം നിയമവിധേയമായാൽ ഗർഭച്ഛിദ്രവും നിയമവിധേയമാകും. ഗർഭപാത്രത്തിൽവച്ചുതന്നെ ഭ്രൂണനിർണം നടത്തി ആവശ്യമില്ലാത്ത ജീവനെ ദാക്ഷിണ്യമില്ലാതെ നശിപ്പിക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങളെത്തും.

രോഗാവസ്ഥയിലായിരിക്കുന്ന ഒരാൾ രക്ഷപ്പെടാൻ സാധ്യത കുറവാണെന്ന് ഏതെങ്കിലും മൂന്നു ഡോക്ടർമാർ പറഞ്ഞാൽ അയാളെ കൊല്ലാൻ സർക്കാർ അനുവാദം കൊടുക്കുന്നു. ഒരാളുടെ ജീവന്റെമേൽ അവസാനവാക്കു പറയാൻ ഇവിടെ ഏതു ഡോക്ടറാണുള്ളത്? ഒരു ജീവൻ നൽകാൻ മനുഷ്യനു സാധിക്കില്ലെന്നിരിക്കേ ജീവനെടുക്കാനും മനുഷ്യനവകാശമില്ല എന്ന് നിയമപരിഷ്കരണ കമ്മീഷൻ മനസിലാക്കണം.

## കുട്ടികൾ എത്രവേണമെന്ന് ആരു നിശ്ചയിക്കും

എത്ര കുട്ടികൾ വേണമെന്ന് ക്രൈസ്തവ വിശ്വാസിയോടു ചോദിച്ചാൽ ദൈവം നിശ്ചയിക്കും എന്നാവും മറുപടി. കാരണം കുട്ടികളെ നൽകുന്നതും നൽകാതിരിക്കുന്നതും ദൈവമാണെന്നത് ക്രൈസ്തവ വിശ്വാസത്തിന്റെ മൂലക്കല്ലാണ്. ഇതിനെയാണ് കുടുംബാസൂത്രണത്തെക്കുറിച്ചുള്ള ബില്ല് ഇല്ലാതാക്കുന്നത്. ഈ ബില്ല് പ്രകാരം ഒരു കുടുംബത്തിൽ രണ്ടു കുട്ടികൾ കൂടാതെ മൂന്നാമതൊരാൾ ഉണ്ടായാൽ ഈ കുടുംബത്തിന് സർക്കാരിൽ നിന്ന് യാതൊരുവിധ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടാകില്ല. അതിന്റെ അർഥം സർക്കാരിന്റെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന, ശിക്ഷകൊടുക്കാൻ അർഹതയുള്ള കുറ്റമായിരിക്കും മൂന്നാമതൊരു കുട്ടിയുണ്ടാകുന്നത്. അതിനെതിരായി പറയുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വ്യക്തികളെയും സംഘടനകളെയും ശിക്ഷിക്കാൻകൂടി ബില്ലിൽ നിർദേശമുണ്ട്.

മക്കളുണ്ടാകുക എന്ന മാതാപിതാക്കളുടെ അടിസ്ഥാന അവകാശത്തിലും സ്വാതന്ത്ര്യത്തിലും സർക്കാർ അനധികൃതമായി ഇടപെടാൻ പോകുന്നു.

മനുഷ്യന്റെ ജീവന്റെമേൽ മനുഷ്യന് അധികാരമില്ലായിരിക്കെ മനുഷ്യജീവനെ നിയന്ത്രിക്കുന്ന നിയമങ്ങൾ നിർമിക്കാൻ ഏതു സർക്കാരിനാണ് അവകാശമുള്ളത്?

ഇടതുപക്ഷ സർക്കാർ അധികാരത്തിലെത്തിയതുമുതൽ ചില നിഗൂഢലക്ഷ്യങ്ങളോടെയാണ് പ്രവർത്തിക്കുന്നതെന്ന് കാണാം. ക്രൈസ്തവ സഭയെ തെരഞ്ഞുപിടിച്ച് അപമാനിക്കാനും സഭാധ്യക്ഷന്മാരെ അവഹേളിക്കാനും ശ്രമിക്കുന്നു. സഭയുടെ ത്യാഗോജ്ജ്വല പ്രവർത്തനങ്ങളിൽ അസിഹിഷ്ണുത പ്രകടിപ്പിക്കുന്നു. സഭയേ അവഹേളിക്കുന്നതുപോലെ തന്നെ വിശ്വാസികളെ അപമാനിക്കാനും ഇടതുപ്രസ്ഥാനം ശ്രമിക്കുന്നുണ്ട്.

വിദ്യാഭ്യാസവകുപ്പ് ഇക്കാര്യത്തിൽ ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇപ്പോഴും തുടരുന്നു. വനിതാ കമ്മീഷൻ അതിന്റേതായ രീതിയിൽ സഭയെ താറടിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇപ്പോൾ നിയമവകുപ്പും അതേ വഴികളിലൂടെ മുന്നേറുന്നു. എല്ലാം കൂട്ടിവായിക്കുമ്പോൾ കാലേക്കൂട്ടി ആസൂത്രണം ചെയ്തിട്ടുള്ള കാര്യങ്ങളാണു നടന്നുകൊണ്ടിരിക്കുന്നത് എന്നു വിചാരിക്കുന്നതിൽ തെറ്റില്ല. വിശ്വാസികൾ ഇതു തിരിച്ചറിഞ്ഞ് തങ്ങളുടെ വിശ്വാസ ജീവിതം സംരക്ഷിക്കാനും നിലനിർത്താനും വേണ്ട നടപടികൾ ജാഗ്രതയോടെ സ്വീകരിക്കണം.

****